# STD - V

## അദ്ധ്യാപക സഹായി

## പാഠം - പത്ത്   ദാമ്പത്യവിശുദ്ധി  ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവമാണ് വിവാഹത്തിന്റെ സ്ഥാപകൻ. ദാമ്പത്യജീവിതം വിശുദ്ധിയിലേക്കുള്ള യാത്രയാണ്. അതിനാൽ ദമ്പതികൾ പരസ്പരം സ്നേഹിച്ചും ആദരിച്ചും പങ്കുവച്ചും വിശുദ്ധിയിൽ ജീവിക്കണം. ഞാൻ ദാമ്പത്യവിശുദ്ധിയിൽ ജീവിക്കും.

### പഠനസഹായികൾ

* വിവാഹകൂദാശ പരികർമ്മം ചെയ്യുന്ന ചിത്രങ്ങൾ
* വചനം - ഉൽപത്തി 2:18, മത്തായി 19:6
* യൂ-ട്യൂബ് വീഡിയോ - വിവാഹബന്ധം വേർപെടുത്തിയ കുടുംബത്തിലെ മക്കളുടെ അവസ്ഥ
* CCC - 1646 (ദാമ്പത്യസ്നേഹത്തിന്റെ വിശ്വസ്തത)

### പാഠത്തിന്റെ ഉള്ളടക്കം

* സൃഷ്ടികർമ്മം
* വിവാഹത്തിന്റെ സ്ഥാപകൻ
* ദമ്പതികൾ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നു
* ദാമ്പത്യം - വിശുദ്ധിയിലേക്കുള്ള യാത്ര
* വിവാഹ വാഗ്ദാനം

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ മാതാപിതാക്കൾ പരസ്പരം ഐക്യത്തിലും സ്നേഹത്തിലും വിശ്വസ്തതയിലും ജീവിക്കുവാൻ അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ

## ചോദ്യങ്ങൾ

1. ഏകനായിരിക്കുന്ന മനുഷ്യന് ആരെ നൽകുമെന്നാണ് ദൈവം പറഞ്ഞത്?
2. ദാമ്പത്യജീവിതം എന്തിലേക്കുള്ള യാത്രയാണ്?
3. ഏത് കൂദാശവഴിയാണ് ദമ്പതികൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നത്?
4. സ്ത്രീയേയും പുരുഷനെയും കുടുംബവുമായി യോജിപ്പിക്കുന്നത് ആരാണ്?
5. വിവാഹത്തിന്റെ സ്ഥാപകൻ ആര്?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - പത്ത്   ദാമ്പത്യവിശുദ്ധി  ഭാഗം - രണ്ട്

### ലക്ഷ്യം

കുടുംബങ്ങളാണ് സഭയെയും സമൂഹത്തെയും രൂപപ്പെടുത്തുന്നത്. നല്ല കുടുംബാന്ത രീക്ഷം മക്കളുടെ ഭാവിജീവിതം ശോഭനമാക്കുന്നു. കൂടുമ്പോൾ ഇമ്പമുള്ളതാവണം കുടുംബം. ഭാര്യാഭർത്താക്കന്മാർ പരസ്പര സ്നേഹത്തോടും ഐക്യത്തോടും കൂടെ വിശ്വസ്തതയിൽ ജീവിക്കുവാൻവേണ്ടി പ്രാർത്ഥിക്കും.

### പഠനസഹായികൾ

* കാനായിലെ കല്യാണവിരുന്ന് - വീഡിയോ/ചിത്രങ്ങൾ
* ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം - ചിത്രങ്ങൾ
* ഒന്നിച്ച് ഭക്ഷിക്കുന്ന കുടുംബം - ചിത്രങ്ങൾ
* യൂ-ട്യൂബ് വിഡീയോ - തെറ്റിൽ നിന്നും തിരിച്ചുവരുന്ന ഭാര്യയുടെ കഥ
* വചനം: എഫേ. 5:22,25

### പാഠത്തിന്റെ ഉള്ളടക്കം

* കാനായിലെ കല്യാണം
* വൈവാഹിക ജീവിതത്തിന്റെ അടിസ്ഥാന ഘടകം
* ദാമ്പത്യ ജീവിതവിശുദ്ധി
* മക്കൾ - ദൈവത്തിന്റെ ദാനം
* ദാമ്പത്യം - സ്നേഹം - ഐക്യം - വിശ്വസ്തത
* വിവാഹത്തിന്റെ അവിഭാജ്യത
* മാതാപിതാക്കൾ - കുട്ടികളുടെ പാഠപുസ്തകം
* കുടുംബം തിരുക്കുടുംബം പോലെയായിത്തീരുവാൻ ചെയ്യേണ്ട കാര്യങ്ങൾ

### പ്രാർത്ഥന

സ്നേഹപിതാവേ,  മാതാപിതാക്കൾക്ക് വിധേയരായി ജീവിക്കുവാൻ ഞങ്ങളെ അനു ഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. വൈവാഹിക ജീവിതത്തിന്റെ അടിസ്ഥാന ഘടകം എന്താണ്?
2. ദാമ്പത്യവിശുദ്ധിയിൽ വളരാൻ ആവശ്യമായത് എന്ത്?
3. വിവാഹത്തിന്റെ അവിഭാജ്യത എന്താണ്?
4. യേശു തന്റെ പ്രഥമ അത്ഭുതം പ്രവർത്തിക്കുന്നത് എവിടെ വച്ച്?
5. നമ്മുടെ കുടുംബം തിരുക്കുടുംബം പോലെയായിത്തീരാൻ നാം എന്തെല്ലാം ചെയ്യണം?